എൻ.എസ്.എസ്. ഹെഡ്ഡാഫീസ്
പെരുന്ന, ചങ്ങനാശ്ശേരി - 2
01-02-2024

# മന്നംസമാധിദിനാചരണം

സമുദായാചാര്യൻ ശ്രീ മന്നത്തുപത്മനാഭന്റെ 54-ാമത് ചരമവാർഷികം 2024 ഫെബ്രുവരി 25 ഞായറാഴ്ച ഭക്തിനിർഭരമായ ചടങ്ങുകളോടെ സംസ്ഥാനവ്യാപകമായി ആചരിക്കുന്നതാണ്. നമുക്ക് മാർഗ്ഗദർശിയായി അനുഗ്രഹം ചൊരിയുന്ന ആ പുണ്യാത്മാവിന്റെ ആത്മീയചൈതന്യം നിറഞ്ഞുനില്ക്കുന്ന അന്ത്യവിശ്രമസങ്കേതമായ മന്നംസമാധിമണ്ഡപത്തിൽ അന്നേദിവസം ഭക്തിഗാനാലാപനവും, പുഷ്പാർച്ചനയും, ഉപവാസവും, സമൂഹപ്രാർത്ഥനയും പതിവുപോലെ നടക്കുന്നതാണ്. രാവിലെ 6 മണി മുതൽ സമുദായാചാര്യൻ ഇഹലോകവാസം വെടിഞ്ഞ 11.45 A.M. വരെ നടക്കുന്ന പ്രസ്തുത ചടങ്ങിൽ അദ്ദേഹത്തെ ആരാധിക്കുകയും ആദരിക്കുകയും ചെയ്യുന്ന എല്ലാ സമുദായാംഗങ്ങൾക്കും മറ്റ് അഭ്യുദയകാംക്ഷികൾക്കും പങ്കെടുക്കാവുന്നതാണ്. ഓരോ വർഷം കഴിയുന്തോറും അദ്ദേഹത്തെ ആരാധിക്കുകയും ആദരിക്കുകയും ചെയ്യുന്നവരുടെ എണ്ണം കൂടിവരികയാണ്. ആ മഹാത്മാവിനോടുള്ള ബഹുമാനാദരവുകളും, സമുദായാംഗങ്ങൾ തമ്മിലുള്ള ഐക്യബോധവും, തന്മൂലമുണ്ടാകുന്ന ഊർജ്ജസ്വലതയും ആണ് അതിനു കാരണം. മന്നംസമാധിമണ്ഡപത്തിൽ അന്നേദിവസം നടക്കുന്ന ഭക്തിനിർഭരമായ ചടങ്ങിൽ പങ്കെടുക്കുവാൻ കഴിയാതെവരുന്ന സമുദായാംഗങ്ങൾ നമ്മുടെ എല്ലാ കരയോഗങ്ങളുടെയും, താലൂക്ക് യൂണിയനുകളുടെയും ആഭിമുഖ്യത്തിൽ പതിവുപോലെ രാവിലെ മുതൽ 11.45 വരെ ആ പുണ്യാത്മാവിന്റെ ചിത്രത്തിനുമുന്നിൽ നിലവിളക്കുകൊളുത്തി പുഷ്പാർച്ചന നടത്തി പ്രാർത്ഥനാനിരതരായി ഉപവസിക്കേണ്ടതാണ്. നായർ സർവീസ് സൊസൈറ്റിക്ക് രൂപം നൽകിയ വേളയിൽ സമുദായാചാര്യനും സഹപ്രവർത്തകരും ചേർന്നെടുത്ത പ്രതിജ്ഞ ആചാര്യസ്മരണയോടെ ചൊല്ലിയും ഏറ്റുചൊല്ലിയും വേണം ഉപവാസം അവസാനിപ്പിക്കുവാൻ എന്ന കാര്യവും പ്രത്യേകം ഓർമ്മിപ്പിച്ചുകൊള്ളുന്നു.

വിശ്വസ്തൻ,

ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി

## പ്രതിജ്ഞ

**ഞാൻ നായർസമുദായോന്നതിക്കായി നിരന്തരം ആലോചിക്കുകയും പരിശ്രമിക്കുകയും ചെയ്യും
അങ്ങനെയുള്ള ശ്രമങ്ങളിൽ ഇതരസമുദായങ്ങൾക്ക് ക്ഷോഭകരമായ യാതൊരു പ്രവൃത്തിയും ചെയ്യുന്നതല്ല
ഈ സംഘോദ്ദേശ്യങ്ങളെ മുൻനിർത്തിയും ഉദ്ദേശ്യസാദ്ധ്യത്തിനുവേണ്ട ന്യായമായ കരുതലോടുകൂടിയും ഞാൻ ജീവിച്ചുകൊള്ളാം.
സത്യം, സത്യം, സത്യം**